PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Tuesday, *the 31st October 1950.*

Vol. II] OFFICIAL REPORT [No. 10

The Assembly met in the Legislative Chamber, Trivandrum at Eleven of the clock on Tuesday, the 31st October 1950 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers

മാനേജ്മെൻറുകളെ സംബന്ധിച്ച് പുതിയ വ്യവസ്ഥ

*൪ വ്യ വ്യ. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മാനേജ്മെൻറുകളെ സംബന്ധിച്ച് എന്തെങ്കിലും പുതിയ വ്യവസ്ഥകൾ ഗവൺമെണ്ട് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടപ്പാക്കിയില്ലെങ്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതിയ വ്യവസ്ഥകൾ നടപ്പാക്കുന്നുണ്ടെങ്കിൽ അവ എന്തെല്ലാമാണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മാനേജ്മെൻറുകളെ സംബന്ധിച്ച് പുതിയ വ്യവസ്ഥകളൊന്നും നടപ്പാക്കിയിട്ടില്ല. പക്ഷെ അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ച് ചില വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പുതിയ പദ്ധതി സംബന്ധിച്ചുള്ള ഗവൺമെണ്ട് പ്രൊസീഡിംഗ്സിൻറെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ച് എന്തു പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ൪൫ മുതൽ ൧൪൦ വരെ രൂപ ആയിരിക്കണമെന്നും, ഹെഡ്മാസ്റ്റർമാരുടെ ശമ്പളം ൧൫൦ രൂപ മുതൽ ൨൫൦ രൂപവരെ ആയിരിക്കണമെന്നും, മിഡിൽസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ൩൦ രൂപമുതൽ ൭൦ രൂപവരെ ആയിരിക്കണമെന്നും, ആ ശമ്പളം സക്കാർ ട്രഷറി വഴിൽനിന്ന് അവർക്ക മാനേജരുടെ ബിൽ അനുസരിച്ച് കൊടുക്കണമെന്നും, അങ്ങനെ കൊടുക്കേണ്ടതിലേക്ക് സ്കൂളുകളിലെ ഫീസുപിരിവിൻറെ എൺപതു ശതമാനം ട്രഷറിയിൽ അടക്കണമെന്നുമാണ് തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു : അങ്ങനെ ട്രഷറിയിൽ അടക്കേണ്ട തുക കുറവായിരുന്നാൽ ഗവമ്മെണ്ടു് എന്തുചെയ്യുമെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പോരാത്ത തുക ഗവമ്മെണ്ടു് കൊടുക്കുന്നതായിരിക്കും.

ശ്രീ. പി. നാണു : അദ്ധ്യാപകന്മാരുടെ നിയമനം സംബന്ധിച്ചു് എന്തെങ്കിലും ഏർപ്പാടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രൈവറ്റു സ്കൂൾഅദ്ധ്യാപകന്മാരെ സംബന്ധിച്ചു് പബ്ലിക്ക സർവ്വീസു് കമ്മീഷനും എഡ്യുക്കേഷൻ ഡയറക്ടരും കൂടി ചേർന്നു് ഒരു അധികൃത ലിസ്റ്റു് ഉണ്ടാക്കും. മാനേജരന്മാർ ആ ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നാണു് വ്യവസ്ഥ.

ശ്രീ. പി. നാണു : ഈ നിർദ്ദേശത്തെ മാനേജരന്മാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒടുവിൽ കിട്ടിയ അറിവു് അനുസരിച്ചു് ഏഴു സ്കൂളുകളിൽനിന്നു് പണം ട്രഷറിയിൽ അടക്കുകയും അതിനുമേൽ ആ സ്കൂളുകളിൽ അദ്ധ്യാപകന്മാക്കു് ശമ്പളം കൊടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. നാണു : ആകെ എത്ര സ്കൂളുകളാണു് ഉള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൦൦-ൽ ചിലപ്പോൾ സ്കൂളുകൾ ഉണ്ടു്.

ശ്രീ. പി. നാണു : ഇതനുസരിച്ചു് പ്രവർത്തിക്കാത്ത ബാക്കി സ്കൂളുകളുടെ മേൽ എന്തു നടപടി നടത്തി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരും ഈ പദ്ധതി സ്വീകരിക്കുമെന്നാണു് ഗവമ്മെണ്ടിന്റെ വിശ്വാസം.

ശ്രീ. പി. നാണു : സ്വീകരിക്കാത്തപക്ഷം അവരുടെമേൽ എന്തു നടപടിയാണു് എടുക്കുവാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പ്രശ്നം ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. പി. നാണു : പബ്ലിക്ക സർവ്വീസു് കമ്മീഷനും എഡ്യുക്കേഷൻ ഡയറക്ടരും ചേർന്നു് ലിസ്റ്റു് ഉണ്ടാക്കണമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിപ്പാർട്ട്മെൻറിൽനിന്നോ ഗവമ്മെണ്ടും പബ്ലിക്ക സർവ്വീസു് കമ്മീഷനുമായി ആലോചിച്ചോ ക്വാളിഫിക്കേഷൻ നിശ്ചയിക്കും. ആ ക്വാളിഫിക്കേഷൻ ഉള്ളവരും പബ്ലിക്ക സർവ്വീസു് രൂൾ അനുസരിച്ചു് ഡിസ്ക്വാളിഫിക്കേഷൻ ഇല്ലാത്തവരും ആയ ആളുകളുടെ പേരാണു് ഈ ലിസ്റ്റിൽ ചേർക്കുന്നതു്. അതിൽനിന്നു് മാനേജരന്മാക്കു് നിയമനം നടത്താവുന്നതാണു്.

ശ്രീ. പി. നാണു : ഒരു സ്കൂളിലേക്കു് വരുന്ന അപേക്ഷകരുടെ ലിസ്റ്റുമാത്രമെ ആ സ്കൂളിലേക്കു് അയച്ചുകൊടുക്കുകയുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല. സ്റ്റോറു് ഒട്ടുക്കുള്ള ലിസ്റ്റാണു് അയച്ചുകൊടുക്കുന്നതു്.

ശ്രീ. പി. നാണു : ആ ലിസ്റ്റിൽനിന്നല്ലാതെ മാനേജരന്മാക്കു് നിയമനം നടത്താൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാടില്ലെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni : May I know whether this polciy or any similar policy is followed anywhere else in India?

Sri. Panampilli Govinda Menon : It is not followed anywhere else in India.

Sri. D. Gnanasigamoni: Then is it the intention of Government to nationalise the schools?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ പദ്ധതിക്ക് എന്തു പേരുവേണമെങ്കിലും കൊടുക്കാൻ വിരോധമില്ല. ഈ പദ്ധതി അനുസരിച്ചാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്.

Sri. D. Gnanasigamoni : May I know, have the Government examined this policy in the light of Fundamental Rights guaranteed under the Constitution?

Sri. Panampilli Govinda Menon: Yes.

ശ്രീ. ആർ. ശങ്കർ : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രൂപീകരിക്കി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആ ലിസ്റ്റിൽ പബ്ലിക്ക് സർവ്വീസ് രൂപം അനുസരിച്ചുള്ള സാമുദായികമായ അനുപാതംകൂടി നോക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണ് ഉദ്ദേശം.

ശ്രീ. വി. കെ. ജോസഫ് : വിദ്യാഭ്യാസം നിർബന്ധമാക്കിസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ഈ പദ്ധതിപ്രകാരം എത്ര ലക്ഷം രൂപ ഗവൺമെന്റിനു കൂടുതൽ ചിലവാകും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 40 ലക്ഷം രൂപ ചെലവാകുമെന്നു ഉദ്ദേശിക്കുന്നു.

ശ്രീ. സി. വി. ഐപ്പ് : കൊച്ചിൻ ഡിവിഷനിൽനിന്നും ഈ വ്യവസ്ഥ അനുസരിച്ച് പണം ടഷറിയിൽ അടച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംകൂറിലേതു മാത്രമെ കണക്കാക്കീട്ടുള്ളു.

ശ്രീ. കെ. കരുണാകരൻ : സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നതെന്നു പറഞ്ഞു. ആ ലിസ്റ്റ് തയ്യാറാക്കുന്നതിൽ സമുദായപ്രാതിനിധ്യം നോക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. യു. കെ. വാസുദേവനാശാരി : ക്രൈസ്തവരെയും ശിപായിമാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. വി. ഗംഗാധരൻ : 'ദേശീകരണം' എന്ന പദത്തെ ഗവൺമെന്റ് ഭയപ്പെടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പദം തെറ്റാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : മുഴുവൻ ഫീസ് സൗജന്യം അനുവദിക്കണമെന്ന് പട്ടികജാതിക്കാരുടെ പരാതി മാനേജ്മെൻറുകൾക്ക് ലഭിച്ചിട്ടുണ്ടോ?

Mr. Speaker : That does not arise from this question.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : എൺപതു ശതമാനം ഫീസ് ട്രഷറിയിൽ അടക്കുന്നതു സംബന്ധിച്ചു് എത്ര കാലത്തെ അവധിയാണു് കൊടുത്തിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പദ്ധതി പുതിയതായതുകൊണ്ടു് അങ്ങനെ അവധിയൊന്നും നിശ്ചയിച്ചിട്ടില്ല.

ശ്രീ. വർഗ്ഗീസ് അഗസ്റ്റ്യൻ : ക്ലർക്കന്മാരും ശിപായിമാരും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലെന്നു് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. വി. ഗംഗാധരൻ : ചില സ്കൂൾമാനേജരന്മാർ ഫീസ് ട്രഷറിയിൽ അടക്കാത്തതുകൊണ്ടു് ആ സ്കൂളുകളിലെ അദ്ധ്യാപകന്മാർ ശമ്പളം വാങ്ങിച്ചിട്ടില്ലെന്നു് അറിയാമോ?

Mr. Speaker : That is a matter of inference.

ശ്രീ. കെ. എസ്സ്. ജോസഫ്. ക്ലർക്കന്മാരെയും ശിപായിമാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. പി. നാണു : എൺപതു ശതമാനം അടയ്ക്കാത്ത സ്കൂളുകളിൽ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഈ വക സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുത്തിട്ടുണ്ടോ?

(No answer).

ശ്രീ. ഇട്ടീര അമ്മുക്കൻ : കൊച്ചി വിഭാഗത്തിൽപ്പെട്ട മാനേജ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരിൽനിന്നും ഈ വിഷയത്തെ കുറിച്ചു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. എ. തങ്കപിള്ള : എൺപതു ശതമാനം അടയ്ക്കുന്ന സ്കൂളുകളിൽ ഫർണിച്ചർ റിപ്പയേഴ്സ് മുതലായ ആവശ്യങ്ങൾക്കു് എന്തു വ്യവസ്ഥയാണു് ചെയ്തിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനാണു് ബാക്കി ഇരുപതു ശതമാനം വച്ചിരിക്കുന്നതു്. പോരാത്തതു് ഗവൺമെണ്ടു് നൽകുന്നതായിരിക്കും.

STATEMENT REFERRED TO IN THE ANSWER TO (C)

PROCEEDINGS OF THE GOVERNMENT OF TRAVANCORE-COCHIN

EDUCATION DEPARTMENT

Service conditions of Private Secondary School Teachers—improvement of

Read:—1. Letter dated the 16th December 1949 from the President of the All Travancore Private Secondary School Teacher's Association forwarding resolutions passed at its meeting held on 26th November 1949 and copies of the resolutions from the several branch associations.

LIBRARY ARCHIVES Kerala Legislative Assembly